12/1/23
30/12/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.1211 (5)/2021/SIC
## തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം
## File No. 789/SIC-G7/2021

സന്നിഹിത
ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി :. 30.12.2022

ശ്രീ. വേണുഗോപാൽ ബി.,
സരസ്വതി വിലാസം, പൊലിക്കോട്,
വയയ്ക്കൽ പി.ഒ – 691 532.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
   ഉമ്മന്നൂർ പി.ഒ, കൊല്ലം – 691 520.

2. അപ്പീൽ അധികാരി,
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
   സിവിൽ സ്റ്റേഷൻ, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 19.08.2020 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 14.09.2020 |
| ഒന്നാം അപ്പീൽ | 22.09.2020 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 20.10.2020 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 13.01.2021 |
| ഹിയറിംഗ് തീയതി, | 20.05.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ചുറ്റുമതിൽ നിർമ്മാണത്തിനായി 10.07.2020 ന് സമർപ്പിച്ച അപേക്ഷയിൽ പുന:പരിശോധന നടത്തുന്നതുമായി ബന്ധപ്പെട്ട് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്.

2. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട 5 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനുള്ള മറുപടി തൃപ്തികരമല്ലെന്നും മറ്റ് വിവരങ്ങൾ ലഭ്യമായെന്നും ആയതിനാൽ ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടി വ്യക്തമായി

ലഭ്യമാക്കണമെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിലെ ക്രമനമ്പർ 1 മുതൽ 5 വരെയുള്ളവയ്ക്ക് ആവശ്യപ്പെട്ടിരുന്ന വിശദീകരണം നൽകുക എന്നുള്ളത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്നും പ്രസ്തുത വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും 4,5 ചോദ്യങ്ങളിൽ ആവശ്യപ്പെട്ടിരുന്ന പകർപ്പുകൾക്ക് തുക ഒടുക്കുന്നതിനായുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മറ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതിൽ ഒന്നാമത്തെ ചോദ്യത്തിനൊഴികെയുള്ള വിവരങ്ങൾ എതിർകക്ഷികൾ ലഭ്യമാക്കിയതായി കമ്മീഷൻ നിരീക്ഷിക്കുന്നു. ഒന്നാമത്തെ ചോദ്യത്തിൽ ഹർജിക്കാരൻ പരാമർശിച്ചിരിക്കുന്നത് ടിയാൻ 10.07.2020 ൽ ഉമ്മന്നൂർ പഞ്ചായത്തിൽ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികളാണ്. ആയതിന് എസ്.പി.ഐ.ഒ. നൽകിയ മറുപടി വിശദീകരണം നൽകുക എന്നത് വിവരാവകാശ . നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്നാണ്. പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കമ്മീഷന് കഴിയില്ല. വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കുവാൻ കഴിയുന്ന വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ട ഒന്നാമത്തെ ചോദ്യത്തിനുള്ള വിവരം ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**